പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 106

01.12.2014-ൽ
മറുപടിയ്ക്ക്

## എക്സൈസ് വകുപ്പ് ശാക്തീകരണം

ചോദ്യം
ശ്രീ.വി.എം.ഉമ്മർ മാസ്റ്റർ:

ഉത്തരം
ശ്രീ.കെ.ബാബു
(മത്സ്യബന്ധനവും തുറമുഖവും
എക്സൈസും വകുപ്പ മന്ത്രി)

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്തെ എക്സൈസ് വകുപ്പിനെ ശക്തിപ്പെടുത്തുന്നതിന് എന്തെല്ലാം പുതിയ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത് ; എക്സൈസ് വകുപ്പിൽ ആവശ്യത്തിന് പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | (എ) | എക്സൈസ് വകുപ്പിനെ ശക്തിപ്പെടുത്തുന്നതിനായി ലൈസൻസ് നേടി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലൂടെ ശുദ്ധമായ മദ്യം വിതരണം ചെയ്യുന്നുവെന്ന് ഉറപ്പു വരുത്തുന്നതിന് മദ്യത്തിന്റെ സാമ്പിൾ ശേഖരിച്ച് പരിശോധനാഫലം ഉടനടി ലഭ്യമാക്കുന്നതിനും വേണ്ടി എറണാകുളം ജില്ലാ കേന്ദ്രീകരിച്ച് മൊബൈൽ ലാബ് ആരംഭിക്കുന്നതിന് തീരുമാനമായിട്ടുള്ളതും ആയതിന്റെ അടിസ്ഥാനത്തിൽ ടി ലാബിന്റെ ആവശ്യത്തിനായി വാങ്ങിയ മിനി ബസിൽ ഫാബ്രിക്കേഷൻ വർക്കുകൾ നടത്തുന്നതിനും കെമിക്കൽസും ഉപകരണങ്ങളും മറ്റും വാങ്ങുന്നതിനും ടെൻഡർ ചെയ്ത് നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ കോഴിക്കോട് ജില്ല കേന്ദ്രീകരിച്ചും മൊബൈൽ ലാബ് തുടങ്ങുന്നതിന് വേണ്ടി ഒരു മിനി ബസ് വാങ്ങുന്നതിനുമുള്ള നട പടികൾ സ്വീകരിച്ചി ട്ടുണ്ട്<br>എക്സൈസ് വകുപ്പിലെ തെരഞ്ഞെടുത്ത 12 എക്സൈസ് ചെക്ക് പോസ്റ്റുകളിൽ ആധുനികവത്ക്കരണത്തിന്റെ ഭാഗമായി നിർമ്മിതി കേന്ദ്രം മുഖേന കണ്ടെയ്നർ മൊഡ്യൂളുകൾ സ്ഥാപിക്കുന്നതിനു വേണ്ടി 1,22,00,000/- രൂപ അനുവദിച്ച് ഉത്തരവായിട്ടുണ്ട്. ആയ |

| | | | |
|---|---|---|---|
| | | | തിന്റെ അടിസ്ഥാനത്തിൽ ടി ചെക്ക് പോസ്റ്റുകളിൽ കണ്ടെയ്നർ മൊഡ്യൂളുകൾ സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിച്ച് വരുന്നു.<br>എക്സൈസ് അക്കാദമിയിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി നടപ്പ് സാമ്പത്തിക വർഷം 1 കോടി 50 ലക്ഷം രൂപ പദ്ധതി ഇനത്തിൽ അനുവദിച്ച് ഉത്തരവാകുകയും ആയതനുസരിച്ച് എക്സൈസ് അക്കാദ മിയിൽ നവീകരണ പ്രവർത്തനങ്ങൾ നടന്നുവരുന്നു.<br>എക്സൈസ് വകുപ്പിന്റെ എൻഫോഴ്സ് മെന്റ് പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി നടപ്പ് സാമ്പത്തികവർഷം 48 മോട്ടോർ ബൈക്കുകൾ വാങ്ങി ഫീൽഡ് ഓഫീസുകളിലേക്ക് വിതരണം ചെയ്തിട്ടുണ്ട് കൂടാതെ 24 ലക്ഷം രൂപ ചെലവാക്കി 48 ബൈക്കുകൾ കൂടി വാങ്ങി ഫീൽഡ് യൂണിറ്റുകളിലേക്ക് നൽകുന്നതിനായി വിതരണത്തിന് തയ്യാറായിട്ടു ണ്ട്<br>ഫീൽഡ് യൂണിറ്റുകളിലെ അസി. എക്സൈസ് ഇൻസ്പെക്ടർ, പ്രിവന്റീവ് ആഫീസർ എന്നി റാങ്കുകൾ വരെയുള്ള ഉദ്യോഗസ്ഥർക്ക് സിം കാർഡ് കണക്ഷൻ നൽകാൻ സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട് കൂടാതെ വകുപ്പിന്റെ ആവശ്യത്തിലേയ്ക്കായി 96 കംപ്യൂട്ടറുകൾ വാങ്ങുന്നതിന് നടപടികൾ സ്വീകരിച്ച് വരുന്നു. കൂടാതെ റെയിൻ കോട്ടുകൾ, ഡിജിറ്റൽ ക്യാമറകൾ, ലാത്തി, സിഗ്നൽ ലൈറ്റ് ബാറ്റൺ എന്നിവ വാങ്ങുന്നതിനും നടപടികൾ നടന്നു വരുന്നു. ഫീൽഡ് ഓഫീസിലെ അ ടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി നടപ്പ് സാമ്പത്തിക വർഷം ഫർണീച്ചർ വാങ്ങുന്നതിന് 25 ലക്ഷം രൂപ |

| | | | |
|---|---|---|---|
| | | | സർക്കാർ അനുവദിച്ചിട്ടുള്ളതും ആയത് ഉപയോഗിച്ച് സംസ്ഥാനത്തുടനീളം ആഫീസുകളിലേക്ക് ഫർണീച്ചർ വാങ്ങുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു<br><br>എക്സൈസ് വകുപ്പിൽ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച എക്സൈസ് കമ്മീഷണറുടെ ശുപാർശ സർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ